"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം.എച്.കെ.സി-എ4/185/2024/പൊ.ഭ.വ

പൊതുഭരണ (ഹൗസ് കീപ്പിംഗ് സെൽ-എ) വകുപ്പ്
തിരുവനന്തപുരം,
തീയതി 23-08-2024
ഫോൺ നം. 0471 2518001
secretariat.gadhk@gmail.com

**ലേല പരസ്യം**

ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ പൊതുഭരണ (ഓഫീസ് സെക്ഷൻ-2) വകുപ്പിൽ തപാലുകൾ കൊണ്ടുപോകാനായി ഉപയോഗിച്ചിരുന്ന KL-01-AJ-5395 ഹീറോ ഹോണ്ട സ്.പ്ലെണ്ടർ (2005), KL-01-AW-4185 ഹീറോ ഹോണ്ട സി.ഡി ഡീലക്സ് (2009) എന്നീ മോട്ടോർസൈക്കിളുകൾ രജിസ്ട്രേഷൻ കാലാവധി കഴിയാറായ സാഹചര്യത്തിൽ വിൽപ്പന ചെയ്യുന്നതിനുള്ള പരസ്യ ലേലം 12/09/2024 ന് 3:30 pm മണിയ്ക്ക് പൊതുഭരണ (ഹൗസ് കീപ്പിംഗ് സെൽ) വകുപ്പ് അഡിഷണൽ സെക്രട്ടറിയുടെ മുറിയിൽ വച്ച് നടത്തുന്നതാണ്.

ലേലത്തിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ ഓഫീസ് പ്രവർത്തി ദിനങ്ങളിൽ ഉച്ചയ്ക്ക് 3 മണി മുതൽ 5 വരെയുള്ള സമയത്ത് മോട്ടോർസൈക്കിളുകൾ നേരിൽ പരിശോധിക്കാവുന്നതാണ്. ലേലത്തിൽ പങ്കെടുക്കുന്നവർ ലേലം തുടങ്ങുന്നതിന് മുൻപ് പൊതുഭരണ (ഹൗസ് കീപ്പിംഗ് സെൽ-എ) വകുപ്പ് സ്റ്റോർ സൂപ്പർവൈസറുടെ മുന്നിൽ ഹാജരായി നിരതദ്രവ്യം ഇനത്തിൽ 300/- രൂപ അടയ്ക്കേണ്ടതാണ്. നിരതദ്രവ്യം അടയ്ക്കുന്ന സമയത്ത് അവരെ തിരിച്ചറിയാനുതകുന്ന തിരിച്ചറിയൽ രേഖ (ആധാർ കാർഡ്/ വോട്ടേഴ്സ് ഐഡന്റിറ്റി കാർഡ്/ ഡ്രൈവിംഗ് ലൈസൻസ് എന്നിവയുടെ പകർപ്പ്) നിർബന്ധമായും ഹാജരാക്കേണ്ടതാണ്.

ലേലം അവസാനിക്കുന്ന മുറയ്ക്ക് ഏറ്റവും കൂടുതൽ തുക വിളിച്ച വ്യക്തിയ്ക്ക് ലേലം താൽക്കാലികമായി ഉറപ്പിയ്ക്കുന്നതാണ്. പ്രസ്തുത വ്യക്തി ലേലം തുകയുടെ 12% GST-യായി അടയ്ക്കേണ്ടതാണ്. ലേല തുകയുടെ രണ്ടിൽ ഒരു ഭാഗം (നിരതദ്രവ്യം ഉൾപ്പെടെ) ലേല ദിവസം ഒടുക്കേണ്ടതായും, ബാക്കി തുക 2 പ്രവൃത്തി ദിവസത്തിനകം ഒടുക്കി വാഹനം സ്വന്തം പേരിലേക്ക് മാറ്റുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ലേലം കൊള്ളുന്നവർ നിബന്ധനകൾ പാലിക്കാത്ത പക്ഷം നിരത ദ്രവ്യം മടക്കി നൽകുന്നതല്ല. ലേല ദിവസം പൊതു അവധിയാണെങ്കിൽ തൊട്ടടുത്ത പ്രവർത്തി ദിവസം 3:30 pm മണിയ്ക്ക് ലേല നടപടികൾ കൈക്കൊള്ളുന്നതായിരിക്കും. ലേലത്തിൽ ഒന്നു മുതൽ മൂന്ന് വരെ സ്ഥാനങ്ങളിൽ വരുന്നവരുടെ നിരതദ്രവ്യം ലേലം ഉറപ്പിച്ചതിന് ശേഷം മാത്രമേ മടക്കി നൽകുകയുള്ളൂ. യാതൊരു കാരണവും കാണിക്കാതെ ലേല നടപടി റദ്ദ് ചെയ്യുന്നതിനും അസ്ഥിരപ്പെടുത്തുന്നതിനും താഴെ ഒപ്പ് വച്ചിരിക്കുന്ന ഉദ്യോഗസ്ഥന് പൂർണ്ണ അധികാരം ഉണ്ടായിരിക്കും.

ഹണി.പി.
അഡിഷണൽ സെക്രട്ടറി

പകർപ്പ്:-

ഗവൺമെന്റ് സെക്രട്ടറിയേറ്റിലെ എല്ലാ നോട്ടീസ് ബോർഡിലേയ്ക്കും.
ചീഫ് സെക്യൂരിറ്റി ഓഫീസർ, ഗവൺമെന്റ് സെക്രട്ടേറിയറ്റ്.
സ്റ്റോർ സൂപ്പർവൈസർ പൊതുഭരണ (ഹൗസ് കീപ്പിംഗ് സെൽ-എ) വകുപ്പ്.
പൊതുഭരണ (ഓഫീസ് സെക്ഷൻ-2) വകുപ്പ്.
പൊതുഭരണ (ഹൗസ് കീപ്പിംഗ് സെൽ-ബി) വകുപ്പ്.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഇ- ഓഫീസ് നോട്ടീസ് ബോർഡ്, ഫയൽ പകർപ്പ്.